(സി) ഇവയുടെ ഉല്പാദനത്തിന്റെ എത്ര തോത് നിർബന്ധമായി വാങ്ങാൻ സർക്കാരിന് ബാദ്ധ്യതയുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കായംകുളം താപവൈദ്യുത പദ്ധതി കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള എൻ.ടി.പി.സി യുടെ കീഴിലുള്ളതാണ്.

(ബി) എൽ.ടി.പി.സി. കായംകുളത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതി താൽക്കാലികമായി ഒരു യൂണിറ്റിന് 2.75 രൂപ നിരക്കിൽ വാങ്ങാൻ ധാരണയായിട്ടുണ്ട്. ഫൈനൽ നിരക്ക് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(സി) കായംകുളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും വൈദ്യുതി ബോർഡ് വാങ്ങാൻ ബാദ്ധ്യസ്ഥരാണ്.

123 (2501) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന വൈദ്യുതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ദിവസം ശരാശരി സംസ്ഥാനത്തുല്പാദിപ്പിക്കുന്നതും വിലയ്ക്കു വാങ്ങുന്നതുമായ വൈദ്യുതിയുടെ അളവ് എത്ര യൂണിറ്റാണ്;

(ബി) ഒരു ദിവസം സംസ്ഥാന വൈദ്യുതി ബോർഡ് വിൽക്കുന്ന വൈദ്യുതിയുടെ അളവെത്ര യൂണിറ്റാണ്;

(സി) ഒരു ദിവസം വൈദ്യുതി ബോർഡ് ശരാശരി വാങ്ങുന്നതും വിൽക്കുന്നതുമായ വൈദ്യുതിയുടെ വ്യത്യാസം എത്ര യൂണിറ്റാണ്;

(ഡി) നിലവിലുള്ള വൈദ്യുതി ചാർജ്ജ് അനുസരിച്ച് ഇത്രയും വൈദ്യുതിയുടെ വിലയെത്രയാണ്?

ഉത്തരം

(എ) ഒരു ദിവസം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ശരാശരിവൈദ്യുതി 16.85 മില്യൺ യൂണിറ്റ്.

വിലയ്ക്കുവാങ്ങുന്നത് (1999 മേയ് മാസത്തെ ശരാശരി പ്രതിദിന കണക്ക്)

കേന്ദ്ര വിഹിതം	-	8.36 മി. യൂണിറ്റ്
എൻ.ടി.പി.സി.	-	
കായംകുളം	-	4.95 മി. യൂണിറ്റ്

(ബി) വൈദ്യുതി ബോർഡ് വിൽക്കുന്ന വൈദ്യുതിയുടെ കണക്ക് 97-98 സാമ്പത്തിക വർഷത്തിലേത് മാത്രമേ പൂർത്തിയായിട്ടുള്ളൂ. ഇത് 7716 മി.യൂണിറ്റാണ്. ഇതിൽ കേന്ദ്ര വിഹിതവും ഉൾപ്പെടും. ഇതനുസരിച്ച് പ്രതിദിനം ശരാശരി 21.14 മി. യൂണിറ്റ് വിറ്റിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിച്ചതും, വിലയ്ക്കു വാങ്ങിയതുമായ വൈദ്യുതി ഒന്നിച്ചാണ് വിൽക്കുന്നത്. ഇതു സംബന്ധിച്ച 1997-98-ലെ കണക്കുകൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പ്രസ്തുത കണക്കുപ്രകാരം ആകെ വൈദ്യുതിയിൽനിന്നും വില്പന നടത്തിയ വൈദ്യുതിയുടെ അളവു കുറച്ചാൽ വ്യത്യാസം പ്രതിദിനം ശരാശരി 4.6 മി. യൂണിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1997-98-ലെ വില്പന വില അനുസരിച്ച് 56.97 ലക്ഷം രൂപ വില വരും. നിലവിലുള്ള വൈദ്യുതി നിരക്കനുസരിച്ച് 86.94 ലക്ഷം രൂപ വില വരും.

124 (2502) കേരളത്തിനു പുറത്തുള്ള വൈദ്യുത പദ്ധതികളിൽ നിന്ന് ലഭിച്ച വൈദ്യുതി

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്തുള്ള കേന്ദ്ര സർക്കാർ പദ്ധതികളിൽനിന്ന് കേരളത്തിന് സ്ഥിരമായും പ്രത്യേകമായും അനുവദിച്ച വൈദ്യുതി എത്ര മെഗാവാട്ട് വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് പുറത്തു നിന്നും വൈദ്യുതി ബോർഡ് ഇറക്കുമതി നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഇറക്കുമതി ചെയ്ത വൈദ്യുതിക്ക് 1998-99-ൽ എത്ര രൂപയാണ് ബോർഡ് നൽകിയത്; എന്തു നിരക്കിലാണ് വില നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര പൂളിലുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിലെ മെഷീനുകളെല്ലാം പൂർണ്ണശേഷിയിൽ പ്രവർത്തിപ്പിച്ചാൽ കേരളത്തിന് പ്രതിദിനം 416 മെഗാവാട്ട് വൈദ്യുതി കിട്ടാൻ അർഹതയുണ്ട്. ഇത് കൂടാതെ അൺ അലോക്കേറ്റഡ് ഷെയർ ആയി 5 ശതമാനവും (ഏകദേശം 22 മെഗാവാട്ട്) സ്പെസിഫിക് അലോക്കേഷൻ ഒരു മാസത്തേയ്ക്ക് 3 മില്യൺ യൂണിറ്റും ആണ്.

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ 3356.511 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇറക്കുമതി ചെയ്തിട്ടുണ്ട്.

(സി) കേരളത്തിന് പുറത്തുനിന്ന് ഇറക്കുമതി ചെയ്ത വൈദ്യുതിക്ക് 1998-99 വർഷത്തിൽ 546 കോടി 33 ലക്ഷം രൂപ വില കൊടുത്തു. വൈദ്യുതി വിലയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

രാമഗുണ്ടം	103 പൈസ (യൂണിറ്റിന്)
നെയ്വേലി	
ഒന്നാംഘട്ടം	103.62 പൈസ (,,)
രണ്ടാംഘട്ടം	154.21 പൈസ (യൂണിറ്റിന്)
കൽപ്പാക്കം	174.99 പൈസ (,,)
പശ്ചിമമേഖല	150.44 പൈസ (,,)

ഇതിനു പുറമേ യൂണിറ്റിന് 13 പൈസ നിരക്കിൽ പ്രസരണ ചെലവും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly